# 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 94** **12-02-2025 - ൽ മറുപടിയ്ക്ക്**

### സുസ്ഥിര വിനോദസഞ്ചാര മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സുസ്ഥിര വന്യജീവി വിനോദസഞ്ചാര മേഖലയിലെ നൂതനമായ പദ്ധതികൾക്കുള്ള അന്താരാഷ്ട്ര അംഗീകാരം നേടിയെടുക്കുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഇക്കോട്ടൂറിസം വികസനത്തിന് തെന്മല ഇക്കോട്ടൂറിസത്തിന് ദേശീയ അന്തർദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ട്.<br><br>"ഇക്കോട്ടൂറിസത്തിന്റെ സുസ്ഥിര വികസനം: ചെറുകിട, ഇടത്തരം സംരംഭങ്ങളിലെ നല്ല സമ്പ്രദായങ്ങളുടെ സമാഹാരം" (“sustainable development of ecotourism: a compilation of good practices in SMES”.) എന്ന പ്രസിദ്ധീകരണത്തിൽ യു.എൻ ഡബ്ല്യുടിഒ (UNWTO) തെന്മല ഇക്കോട്ടൂറിസം പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>സുസ്ഥിര വിനോദസഞ്ചാര മേഖലയിൽ നടത്തുന്ന നൂതനമായ പദ്ധതികൾക്കുള്ള ടി.ഒ.എഫ് ടൈഗേർസിന്റെ സാങ്ച്വറി ഏഷ്യ അവാർഡ് കേരള ടൂറിസത്തിന് ലഭിച്ചിട്ടുണ്ട്.<br><br>ഇക്കോട്ടൂറിസം/യാത്രയുമായി ബന്ധപ്പെട്ട വിഭാഗത്തിൽ തെന്മല ഇക്കോട്ടൂറിസത്തിന് PATA Gold അവാർഡ് ലഭിച്ചിട്ടുണ്ട്. |
| (ബി) | സുസ്ഥിര വിനോദസഞ്ചാര മേഖലയിൽ സർക്കാർ നടപ്പാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച് വ്യക്തമാക്കുമോ; | (ബി) | വിനോദസഞ്ചാര മേഖലയിൽ സുസ്ഥിര വികസനം ലക്ഷ്യമിട്ട് വ്യത്യസ്തമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഡിസൈൻ പോളിസിക്ക് അനുസൃതമായി നിർമ്മാണ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നുണ്ട്. പരിസ്ഥിതിക്ക് അനുയോജ്യമായ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നൽകുന്നത്. ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് സുസ്ഥിര ടൂറിസം വികസനമാണ്. വ്യത്യസ്തങ്ങളായ പദ്ധതികൾ ഉത്തരവാദിത്ത ടൂറിസം ഈ മേഖലയിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. സ്ട്രീറ്റ് പദ്ധതിയിൽപ്പെടുത്തി വിവിധ സ്ട്രീറ്റുകൾ സജ്ജമാക്കുന്നു. കൊല്ലത്ത് ബയോഡൈവേഴ്സിറ്റി സർക്യൂട്ട് വഴി പരിസ്ഥിതി സംരക്ഷണവും പരിസ്ഥിതി സൗഹാർദ്ദ ടൂറിസവും ലക്ഷ്യമിടുന്നു. സുസ്ഥിര വിനോദസഞ്ചാര മേഖലകളിൽ നിലവിൽ ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്ന ഇക്കോട്ടൂറിസം പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു. |

| പദ്ധതി | തുക | ഏജൻസി |
|---|---|---|
| ഗവിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതി | 190,00,000/- | KFDC |

| | | |
|---|---|---|
| ഇക്കോട്ടൂറിസം കേന്ദ്രങ്ങളുടെ പഠനവും പരിശീലനവും | 34,27,000/- | KITTS |
| തെന്മലയിലെ മ്യൂസിക്കൽ ഡാൻസിങ് ഫൗണ്ടൻ | 1,80,00,000/- | TEPS |
| ക്യാരിയിങ് കപ്പാസിറ്റി പഠനം/ നെല്ലിയാമ്പതി ഇക്കോ ടൂറിസം | 50,00,000/- | KITTS |
| ആലപ്പുഴ പുറക്കാട് തീര മേഖലയിലെ കാറ്റാടി മരതോപ്പിൽ പഠന പദ്ധതി | 41,00,000/- | Social Forestry |
| മൂന്നാർ റോഡൊഡെൻഡ്രോൺ | 3,20,000/- | KFDC |
| തെന്മല നടപ്പാലം | 73,00,000/- | TEPS |
| ഉളുങ്കാ പാറ പദ്ധതി | 99,99,999/- | TEPS |
| മുണ്ടേരി കടവ് പദ്ധതി | 73,00,000/- | TEPS |
| തെന്മലയിലെ വികസനം | 7,00,000/- | TEPS |
| ഇടുക്കി വെള്ളാപ്പാറ ഫോറസ്റ്റ് കഫേ | 8,00,000/- | Idukki Wildlife Division, Kerala Forest Department |

| | | | |
|---|---|---|---|
| (സി) | ഇക്കോ ടൂറിസം പദ്ധതികൾക്ക് അർഹമായ പ്രാധാന്യം നൽകി നടപ്പാക്കുന്നതിന് വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഇക്കോട്ടൂറിസം പദ്ധതികൾക്ക് അർഹമായ പ്രാധാന്യം നൽകികൊണ്ട്, പരിസ്ഥിതി സൗഹാർദ്ദ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കെ.എഫ്.ഡി.സി./ തെന്മല ഇക്കോ ടൂറിസം പ്രമോഷൻ സൊസൈറ്റി/ വനം വകുപ്പ് എന്നിവർ സമർപ്പിക്കുന്ന പദ്ധതികൾ പരിശോധനയ്ക്ക് വിധേയമാക്കി സർക്കാർ അംഗീകാരത്തോടെയും പരിസ്ഥിതിക്ക് കോട്ടം തട്ടാതെയുമാണ് നടപ്പിലാക്കി വരുന്നത്. സംരക്ഷിത വനപ്രദേശത്തും മറ്റും ഉള്ള പദ്ധതികൾ അതീവ ശ്രദ്ധയോടെ നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ട്. ഇക്കാര്യത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ ഇക്കോട്ടൂറിസം വിഭാഗം ആവശ്യമായ പരിശോധന നടത്തിയ ശേഷമാണ് പദ്ധതികളുമായി മുന്നോട്ട് പോകുന്നത് . |

സെക്ഷൻ ഓഫീസർ